## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-ഖണ്ഡിക 3.3 - വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക-ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഒടുക്കുവരുത്തൽ-അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.498/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.28.02.2020**

---

**പരാമർശം:-** 1) പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട്.
2) പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14/09/2018 ലെ എ 8330/18 നമ്പർ കത്ത്.

### ഉത്തരവ്

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് പവിത്രേശ്വരം സർവ്വീസ് സഹകരണബാങ്കിൽ തുടങ്ങിയ പുതിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിരുന്നെന്നും അപ്രകാരമുള്ള 25,23,320/- രൂപ (ഇരുപത്തി അഞ്ച് ലക്ഷത്തി ഇരുപത്തി മൂവ്വായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) നാളിതുവരെ ചെലവഴിക്കുകയോ ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ലെന്നും, പ്രസ്തുത നിക്ഷേപം സംബന്ധമായി അന്വേഷണം നടത്തുന്നതിനും, വികസന ഫണ്ടിൽ നിന്നും തുക നിക്ഷേപിച്ചതിൻമേൽ ക്രമരാഹിത്യമുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും, ആവശ്യകത പരിഗണിക്കാതെ പിൻവലിക്കുകയോ പ്രത്യേക ആവശ്യത്തിനുവേണ്ടി പിൻവലിച്ചശേഷം ചെലവാകാതെ ശേഷിക്കുകയോ ചെയ്യുന്ന തുകയാണെങ്കിൽ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുന്നതിനും 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശം(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 ൽ ഇ.എം.എസ്. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് ശിപാർശ ചെയ്തിരുന്നു.

**2.** 2009-10 വർഷം ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പവിത്രേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ 005035 നമ്പർ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 20,44,416/- രൂപയും പലിശയും ഉൾപ്പെടെ ആകെ 26,24,149/- രൂപ (ഇരുപത്തി ആറ് ലക്ഷത്തി ഇരുപത്തി നാലായിരത്തി ഒരുന്നൂറ്റി

നാൽപ്പത്തി ഒൻപത് രൂപ മാത്രം) കേരളത്തിൽ 2018 ലുണ്ടായ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കവരുത്തുവാൻ അനുമതിയ്ക്കായി സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ 05/09/2018 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി ടി തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്ക് വരുത്തുന്നതിന് അനുമതി നല്കണമെന്നും പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയുടെ ആവശ്യത്തിന് പവിത്രേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ പ്രത്യേകമായി നിക്ഷേപിച്ചതും ഉപയോഗിക്കാത്തതുമായ 26,24,149/- (ഇരുപത്തി ആറ് ലക്ഷത്തി ഇരുപത്തി നാലായിരത്തി ഒരുനൂറ്റി നാൽപ്പത്തി ഒൻപത് രൂപ മാത്രം) രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കവരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**